# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/242/2018 2018 നവംബർ 13

## എം.ജി. വാർത്താക്കുറിപ്പ്

---

### പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എഫ്.റ്റി. ആന്റ് ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013-15 അഡ്മിഷൻ റീഅപ്പിയറൻസ്) ഒക്‌ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 14 മുതൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

### എം.കോം. സൂക്ഷ്മപരിശോധന

മൂന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്.) ഡിസംബർ 2017 പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന നവംബർ 16, 17 തീയതികളിൽ ഇ.ജെ. 5 സെക്ഷനിൽ നടക്കും. അപേക്ഷകർ തിരിച്ചറിയൽ കാർഡ്/ഹാൾ ടിക്കറ്റ് എന്നിവ സഹിതം സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 226ൽ എത്തണം.

### പരീക്ഷഫലം

2018 ഫെബ്രുവരിയിൽ നടന്ന ഒന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്‌നോളജി (2016 അഡ്മിഷൻ - പുതിയ സ്‌കീം റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 26 വരെ അപേക്ഷിക്കാം.

2018 ജൂണിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടന്ന ഏഴാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) സപ്ലിമെന്ററി/മേഴ്‌സി ചാൻസ് (2011ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 28 വരെ അപേക്ഷിക്കാം.

2018 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 28 വരെ അപേക്ഷിക്കാം.

### പി.എച്ച്.ഡി. നൽകി

ബയോഫിസിക്‌സിൽ സി.ജി. അശ്വതിക്കും എജ്യുക്കേഷനിൽ ഷേർളി ഫിലിപ്പിനും ഫിസിക്കൽ എജ്യുക്കേഷനിൽ സി.ആർ. അജേഷ്, വിയാനി ചാർളി എന്നിവർക്കും ലോയിൽ ഡി.വി. ദിവ്യയ്ക്കും മാനേജ്‌മെന്റ് സയൻസിൽ റ്റിജോ തോമസിനും മാത്തമാറ്റിക്‌സിൽ സാനി മേരി റൂസ്‌വെൽറ്റ് മേരി ടോങ്കാസിനും മാനേജ്‌മെന്റ് സ്റ്റഡീസിൽ റോഷൻ തെരേസ് സെബാസ്റ്റ്യനും കെമിസ്ട്രിയിൽ എസ്. രാധിക, ഇ.എം. ജിൻസി എന്നിവർക്കും പി.എച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

### ഇൻ സർവീസ് കോഴ്‌സുകൾ ഡിസംബർ മൂന്നു മുതൽ

അഫിലിയേറ്റഡ് കോളേജ് അധ്യാപകർക്കായി സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, എജ്യുക്കേഷൻ എന്നിവയിലും അനുബന്ധ വിഷയത്തിലും ഇൻ സർവീസ് കോഴ്‌സുകൾ നടത്തും. ഡിസംബർ മൂന്നു മുതൽ 17 വരെ സർവകലാശാലയിലാണ് കോഴ്‌സ്. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. ഫോൺ: 0481 - 2731013.

### ജോലിഭാരം നിർണയിക്കൽ: യോഗം 16ന്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് സ്വകാര്യ എയ്ഡഡ് കോളേജുകളുടെ ജോലിഭാരം നിർണയിക്കുന്നതിനും അധ്യാപക തസ്തികകളുടെ എണ്ണം

നിശ്ചയിക്കുന്നതിനുമായി അദാലത്ത് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം, കോട്ടയം മേഖലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരുടെയും യോഗം നവംബർ 16ന് രാവിലെ 11ന് സർവകലാശാല അസംബ്ലി ഹാളിൽ ചേരും.

## സഹകരണ ബാങ്ക് ക്ലർക്ക് പരീക്ഷാ പരിശീലനം

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക് കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലർക്ക് നിയമനത്തിനായി നടത്തുന്ന പരീക്ഷയ്ക്കുള്ള തീവ്ര പരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481 - 2731025.

**'സമക്ഷം' ട്രെയിലർ കണ്ട് കഥയെഴുതാം;**

## ട്രെയിലർ ടു ടെയ്ൽ മത്സരം 20 വരെ

മഹാത്മാ ഗാന്ധി സർവകലാശാല നിർമിച്ച ആദ്യ ചലച്ചിത്രം 'സമക്ഷ'ത്തിന്റെ റിലീസിങ്ങിനോടനുബന്ധിച്ച് വിദ്യാർഥികൾക്കായി ട്രെയിലർ ടു ടെയ്ൽ മത്സരം നടത്തുന്നു. യൂട്യൂബിലെ എം.ജി.യു. മീഡിയയിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള സമക്ഷം സിനിമയുടെ ട്രെയിലർ കണ്ട് ഭാവനാത്മകമായി ഒരു കഥ മലയാളത്തിൽ എഴുതുന്നതാണ് മത്സരം. സംസ്ഥാനത്തെ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഒന്നാം സ്ഥാനം നേടുന്നയാൾക്ക് 10000 രൂപയും പ്രശസ്തിപത്രവും ലഭിക്കും. രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തുന്നവർക്ക് യഥാക്രമം 5000, 3000 രൂപ വീതവും പ്രശസ്തിപത്രവും ലഭിക്കും. കഥ അഞ്ചുപുറത്തിൽ കവിയരുത്. ടൈപ്പ് ചെയ്തോ നല്ല കൈയ്യക്ഷരത്തിലോ തയ്യാറാക്കിയ കഥയുടെ പി.ഡി.എഫ്. ഫോർമാറ്റ് വകുപ്പുമേധാവിയുടെ സാക്ഷ്യപത്രം സഹിതം jaivam@mgu.ac.in, ajuknarayanan@gmail.com എന്നീ ഇമെയിൽ വിലാസങ്ങളിൽ നവംബർ 20ന് വൈകീട്ട് നാലിനകം നൽകണം. വിശദവിവരത്തിന് ഫോൺ: 9496119457.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ